# ഉണരുന്ന പൊതുവിദ്യാഭ്യാസം; മാറുന്ന കേരളം

**കെ സി ഹരികൃഷ്ണൻ(ജനറൽ സെക്രട്ടറി, കെ.എസ്.ടി.എ)**



കേരളം ലോകത്തിന് ഒട്ടേറെ മാതൃകകൾ സൃഷ്ടിച്ച സംസ്ഥാനമാണ്. ക്രമാനുഗതമായി വളരുന്ന ഈ മാതൃക നമുക്ക് സൃഷ്ടിക്കാനായത് സുസജ്ജവും സംഘടിതവുമായ പൊതുവിദ്യാഭ്യാസ സംവിധാനം നിലനിൽക്കുന്നതുകൊണ്ടാണ്. സ്കൂൾപ്രായത്തിലുള്ള ഏതാണ്ട് എല്ലാ കുട്ടികൾക്കും 12-ാംക്ളാസ് വരെ വീട്ടിൽ താമസിച്ചുപഠിക്കാനുള്ള സാഹചര്യം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ സൌജന്യമായി സ്കൂൾവിദ്യാഭ്യാസത്തിനുള്ള സൌകര്യമുണ്ടായത് കേവലം ഭരണകൂടങ്ങളുടെ ദയാദാക്ഷിണ്യമല്ല. മറിച്ച് കേരളത്തിലെ സാമൂഹികവളർച്ചയുടെ അവിഭാജ്യഘടകമായിരുന്നു പൊതുവിദ്യാഭ്യാസം. കേരളസമൂഹത്തിന്റെ വികാസപരിണാമം ശ്രദ്ധിക്കുന്ന ആർക്കും ഇത് മനസ്സിലാകും. മത, ജാതി, ലിംഗ, സാമ്പത്തിക, സാമൂഹിക വ്യത്യാസങ്ങളില്ലാതെ സ്കൂളിൽ എത്തിച്ചേരാവുന്ന അവസ്ഥ സംജാതമായതും മതനിരപേക്ഷമായ പരിസരം വികസിച്ചുവന്നതും വിശാലമായ സാമൂഹികപ്രക്രിയയിലൂടെയാണ്. ഇത്തരമൊരു സാഹചര്യം മറ്റൊരു സംസ്ഥാനത്തിനും അവകാശപ്പെടാൻ കഴിയില്ല. ഇത് സാധ്യമായത് കേരളത്തിലെ ഇടതുപക്ഷസാന്നിധ്യമാണെന്ന് നിസ്സംശയം വിലയിരുത്താം.

നവോത്ഥാന കാലഘട്ടത്തിൽതന്നെ ജനങ്ങളുടെ സജീവപങ്കാളിത്തത്തോടെ വിപുലപ്പെട്ടതാണ് നമ്മുടെ പ്രൈമറിവിദ്യാഭ്യാസം. സാമ്പത്തികമായി പ്രതിസന്ധിയിൽ നിന്ന അവസരങ്ങളിലും സമൂഹം സ്കൂളുകൾ സ്ഥാപിക്കാൻ ആവശ്യമായ സമ്പത്ത് ചുറ്റുപാടുകളിൽനിന്ന് സ്വരൂപിച്ചെടുത്തു. വിഭവസമാഹരണത്തിനായി പിടിയരി, നാളികേരം എന്നിവയും നാടുനീളെ പദയാത്രകൾ നടത്തി നാണയങ്ങളും സ്വരൂപിച്ചു. ക്രിസ്ത്യൻ സഭകളുടെ ഇടവകപ്പിരിവ് കൂടാതെ, ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടായ സന്നദ്ധപ്രവർത്തനങ്ങളുമെല്ലാം കൂടിച്ചേർന്നാണ് വിദ്യാലയത്തിനായുള്ള ഭൌതികപരിസരം ഉണ്ടായത്. ഒരു ലാഭവും പ്രതീക്ഷിക്കാതെ സേവനതൽപ്പരത മുൻനിർത്തിയാണ്് ഈ പ്രവർത്തനങ്ങൾ നടത്തിയത്. നവോത്ഥാനമുന്നേറ്റങ്ങൾ സാമൂഹ്യപരിവർത്തനത്തിന് ഒരുക്കിയ ആശയപ്രപഞ്ചം, മിഷണറിമാരുടെ

പ്രവർത്തനങ്ങൾ ഇവയെല്ലാം വിദ്യാഭ്യാസത്തിന്റെ വളർച്ചയിലും വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടായിവരുന്നതിലും നിർണായക സ്വാധീനം ചെലുത്തി. പിന്നീടങ്ങോട്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യപ്രസ്ഥാനങ്ങൾ ഇതിന്റെ തുടർച്ച ഏറ്റെടുത്തത് വിദ്യാഭ്യാസരംഗത്തെ പ്രാപ്യതാപ്രശ്നം പരിഹരിക്കാൻ ഇടയായി. സമൂഹത്തിന്റെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റാൻ സ്വകാര്യവ്യക്തികളും സംഘടനകളുംകൂടി മുന്നോട്ടുവന്നതോടെ വിദ്യാഭ്യാസം സൌജന്യവും സാർവത്രികവുമായി.

ഈ മുന്നേറ്റങ്ങൾക്ക് വലിയ തോതിൽ ഇടിവുവന്നത് ആഗോളവൽക്കരണനയങ്ങൾ കേരളത്തിൽ നടപ്പിൽവരുത്തുന്നതിന്റെ ഭാഗമായി, മൂലധനശക്തികൾക്ക് വിദ്യാഭ്യാസം അടിയറവയ്ക്കാനുള്ള യുഡിഎഫ് തീരുമാനങ്ങളുടെ ഭാഗമായിട്ടാണ്. സർക്കാരിന്റെ എല്ലാ നിയന്ത്രണങ്ങളും എടുത്തുകളയാനും വിദ്യാഭ്യാസമെന്നത് പണമുള്ളവനുമാത്രമായി പരിമിതപ്പെടുത്താനും തീരുമാനിച്ചു. വിദ്യാഭ്യാസം ഏറ്റവും നല്ല കച്ചവടമായി മാറി, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിൽ മാറ്റംവന്നു. കോർപറേറ്റുകളുടെ താൽപ്പര്യം സംരക്ഷിക്കുന്ന, വിധേയരായ ഒരു വിമർശവും നടത്താത്ത ഒരു സമൂഹത്തെ സൃഷ്ടിക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായി. ഇന്ത്യയിൽ അധികാരത്തിലിരുന്ന കോൺഗ്രസ് സർക്കാരുകൾ ഇതിന് ആക്കംകൂട്ടി.

സ്വദേശി മുദ്രാവാക്യം ഉയർത്തി അധികാരത്തിൽ വന്ന ബിജെപി സർക്കാർ പൊതുവായതെല്ലാം അതിവേഗം തകർക്കാൻ നിശ്ചയിച്ചു. സേവനമേഖലയിൽനിന്ന് പൂർണമായും പിൻവലിഞ്ഞു. വ്യക്തമായ ഹൈന്ദവ സാംസ്കാരിക മാനദണ്ഡങ്ങൾ വിദ്യാഭ്യാസത്തിനുമേൽ അടിച്ചേൽപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ളതാണ് ദേശീയ വിദ്യാഭ്യാസനയം 2016.

വർഗീയവൽക്കരണത്തോടൊപ്പംതന്നെ കോർപറേറ്റുവൽക്കരണവും കച്ചവട വൽക്കരണവും കേന്ദ്ര സർക്കാർ ലക്ഷ്യമാക്കുന്നു. മതനിരപേക്ഷത, ജനാധിപത്യം, സാമൂഹ്യബോധം എന്നീ പദങ്ങളോടുപോലും അയിത്തം പ്രഖ്യാപിച്ച് ധാർമികത, മതമൈത്രി, സാംസ്കാരിക ഉദ്ഗ്രഥനം തുടങ്ങിയവയെ പ്രതിഷ്ഠിക്കുന്നത് യാദൃച്ഛികമല്ല. ബോധപഠനരൂപങ്ങളിൽ ഹൈന്ദവഗുരുകുലരീതികളെ ആദർശവൽക്കരിക്കുന്നതുവഴി ക്യാമ്പസുകളിൽ ഏതുതരം മാറ്റമാണ് ആർഎസ്എസ് പ്രതീക്ഷിക്കുന്നതെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. കച്ചവടശക്തികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നവിധമുള്ള ഫലത്തിനാകണം പ്രാധാന്യമെന്ന് രേഖ പറയുന്നു. ഗുണത്തിന്റെ കാര്യത്തിൽ വിലപിക്കുന്ന നയരേഖ, പ്രാഥമികവിദ്യാഭ്യാസ സൌകര്യങ്ങൾ ലഭിക്കാത്ത കോടിക്കണക്കിന് കുട്ടികൾ രാജ്യത്തുണ്ട് എന്നത് വിസ്മരിക്കുന്നു. ഭരണഘടന ഉറപ്പ് നൽകിയ വിദ്യാഭ്യാസ അവകാശം ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന സാമാന്യജനതയ്ക്ക് നിഷേധിക്കുകയാണ്. പ്രാഥമികവിദ്യാഭ്യാസംമുതൽ സർവകലാശാല വിദ്യാഭ്യാസംവരെ സ്വകാര്യ കച്ചവടശക്തികൾക്ക് കൈമാറി സർക്കാരിന്റെ പിന്മാറ്റം ഉറപ്പുവരുത്താൻവേണ്ടിയുള്ള നയപരമായ പരിപ്രേക്ഷ്യമാണിത്. 'ചുരുങ്ങിയ' ഫീസ് വാങ്ങാൻ സ്വകാര്യസംരംഭകർക്ക് അവസരം നൽകുംവിധം ആൾട്ടർനേറ്റ് സ്കൂൾ എന്ന കാഴ്ചപ്പാട്, വിദ്യാഭ്യാസബാധ്യതയിൽനിന്ന് സർക്കാർ ഒഴിവാകുന്നതിന് തെളിവാണ്. അഞ്ചാംക്ലാസ് കഴിഞ്ഞ് പരീക്ഷാപ്രക്രിയയിലൂടെ കുട്ടികളെ അരിച്ചുമാറ്റാനും പരിപാടിയുണ്ട്.

അന്വേഷിക്കുക, ചോദ്യം ചെയ്യുക തുടങ്ങിയവയെല്ലാം എല്ലാതലങ്ങളിലുമുള്ള വിദ്യാർഥികളുടെ സഹജവാസനയാണ്. നിശബ്ദതയുടെ ഭഞ്ജകരാകുന്നതും വ്യവസ്ഥയുടെ നിഷേധകരാകുന്നതും പൂർണമായും നിഷേധിച്ച് വിനീതവിധേയരും വ്യവസ്ഥയുടെ നടത്തിപ്പുകാരുമാക്കി മാറ്റാനുള്ള തന്ത്രങ്ങളാണ് ദേശീയ വിദ്യാഭ്യാസനയത്തിൽ ഉടനീളം മുഴച്ചുനിൽക്കുന്നത്. വിദ്യാർഥികളെയും സമൂഹത്തെയും നിശബ്ദരാക്കി കോർപറേറ്റ്- മാർക്കറ്റ് ശക്തികൾക്ക് പൊതുമുതൽ കൈമാറാൻ വർഗീയതയുടെ, ധാർമികതയുടെ, വിശ്വാസത്തിന്റെ പടവുകൾ പണിതുകൊടുക്കുകയാണ് പുതിയ വിദ്യാഭ്യാസനയത്തിലൂടെ കേന്ദ്ര സർക്കാർ.

ലാഭം മാത്രം ലക്ഷ്യംവയ്ക്കുന്ന ശക്തികൾക്ക് നവലിബറൽ കാഴ്ചപ്പാടിനനുസരിച്ച് എല്ലാം തുറന്നുനൽകുകയും വിട്ടുനൽകുകയും ചെയ്യുന്ന സമീപനം ഈ രേഖകളിൽ ഉടനീളം കാണാം. 2015 ഡിസംബറിൽ നയ്റോബിയിൽ നടന്ന ഡബ്ള്യുടിഒ- ഗാട്ട്സ് മന്ത്രിതലചർച്ചകളുടെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ദേശീയതാൽപ്പര്യങ്ങളെ മൾട്ടിനാഷണൽ കോർപറേറ്റുകൾക്ക് അടിയറവയ്ക്കാൻ ആവശ്യമായ നയരൂപീകരണത്തിനുള്ള നീക്കത്തിന്റെ ഭാഗമാണ് പുതിയ ദേശീയ വിദ്യാഭ്യാസനയരേഖ 2016. ഇതിനെ സമഗ്രമായ ചർച്ചയ്ക്ക് വിധേയമാക്കുകയും വിദ്യാഭ്യാസരംഗത്തെ സംരക്ഷിക്കുകയും ചെയ്യുക എന്നത് ഏറെ പ്രധാനമാണ്. ഈ നയങ്ങൾക്കെതിരെയുള്ള പ്രതിരോധംകൂടിയാണ് കേരളത്തിൽ നടപ്പിൽവരുത്തുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം.

വിപുലമായ ജനപങ്കാളിത്തത്തോടെയാണ് ഇത് നടപ്പാക്കുക. സ്കൂൾ പ്രാപ്യതയും കുട്ടികളുടെ പഠനത്തുടർച്ചയും കൈവരിക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. ക്ളാസ്മുറിക്കകത്ത് തുല്യതയും നീതിയും ഉറപ്പാക്കിക്കൊണ്ട് മികവിന്റെ കേന്ദ്രങ്ങളായി പൊതുവിദ്യാലയങ്ങളെ എങ്ങനെ മാറ്റാമെന്നതാണ് ഏറ്റെടുക്കേണ്ട വെല്ലുവിളി. പഠനനിലവാരവും ഭൌതികസൌകര്യങ്ങളിലെ വികസനവും പഠനത്തിൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തലും മികച്ച അധ്യാപനവും ലക്ഷ്യമിട്ടുകൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കേരളത്തിൽ പ്രാവർത്തികമാവുകയാണ്. ഓരോ വിദ്യാലയത്തിലും നടക്കുന്ന, അധ്യാപകരും രക്ഷിതാക്കളും പ്രാദേശികസമൂഹവും ജനപ്രതിനിധികളും പങ്കെടുക്കുന്ന സമഗ്ര ഗുണമേന്മവിദ്യാലയ ആസൂത്രണപ്രക്രിയയുടെ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. 40,000 സെക്കൻഡറി- ഹയർ സെക്കൻഡറി ക്ളാസ്മുറികൾ സ്മാർട്ട് ക്ളാസ്മുറികളാക്കൽ, ലോകത്തെവിടെയുമുള്ള നിശ്ചിതപ്രായത്തിലുള്ള വിദ്യാർഥികൾ ആർജിക്കേണ്ട അറിവും ശേഷിയും ധാരണകളും കേരളത്തിലെ കുട്ടികൾക്കും ഉറപ്പാക്കൽ, ക്യാമ്പസിനെത്തന്നെ പാഠപുസ്തകമാക്കുംവിധം ജൈവവൈവിധ്യ പാർക്ക് സ്ഥാപിക്കൽ, ശാസ്ത്രീയമായ പ്രീ-സ്കൂൾ വിദ്യാഭ്യാസം യാഥാർഥ്യമാക്കൽ, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി പഠനനിലവാരം ഉറപ്പാക്കൽ, ലൈബ്രറികളും ലബോറട്ടറികളും ആധുനികവൽക്കരിക്കൽ, കൌൺസലിങ് സൌകര്യം ഏർപ്പെടുത്തൽ, മികച്ച നിലവാരമുള്ള അധ്യാപകപരിശീലനം ഒരുക്കൽ എന്നിവയെല്ലാം പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സാധ്യമാക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാൻ ജനകീയകൂട്ടായ്മകൾ രൂപപ്പെടുന്നുണ്ട്. കുട്ടികൾ സ്കൂൾ വിട്ടുപോകുന്നത് പൂർണമായി ഇല്ലാതാക്കാനും വിദ്യാഭ്യാസത്തിന്റെ

ജനാധിപത്യവൽക്കരണം അർഥപൂർണമാക്കാനും യജ്ഞം ലക്ഷ്യമിടുന്നു. തൊഴിൽപരിശീലനം മെച്ചപ്പെടുത്തി വോട്ടവകാശം ലഭിക്കുന്ന പ്രായത്തിൽ തൊഴിൽ ചെയ്യുന്നതിനുള്ള കഴിവ് ലഭിക്കുന്നതിന് പ്രൈമറി തലംമുതൽ പരിപാടികൾ ആവിഷ്കരിക്കാനും അസാപ്, വൊക്കേഷണൽ ഹയർ സെക്കൻഡറി എന്നിവയുടെ പ്രവർത്തനം അനുയോജ്യമായവിധം ക്രമീകരിക്കാനും കഴിയും.

ഈ ലക്ഷ്യം നേടുന്നതിന് സ്വയം സമർപ്പിതമായ അധ്യാപക സമൂഹത്തെ സജ്ജമാക്കാനാണ് സംഘടന ശ്രമിക്കുക. രക്ഷാകർതൃസമൂഹത്തിന്റെ സഹായത്തോടെ ഓരോ കുട്ടിയുമായും ആത്മബന്ധം പുലർത്തി പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങൾക്ക് നായകത്വം വഹിക്കാൻ സംഘടനയുടെ സംസ്ഥാന സമ്മേളനം പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. പൊതുവിദ്യാലയ സംസ്കാരം ഉൾക്കൊള്ളൽ, അത് പ്രചരിപ്പിക്കൽ, എല്ലാ വിദ്യാർഥികളെയും പൊതുവിദ്യാലയങ്ങളിൽതന്നെ എത്തിക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകൽ, വിദ്യാലയ വികസനപദ്ധതികൾക്ക് രൂപംനൽകൽ എന്നിവയിലെല്ലാം അധ്യാപകരുടെ പങ്കാളിത്തം ഉറപ്പാക്കാൻ കെഎസ്ടിഎ പ്രതിജ്ഞാബദ്ധമാണ്.

(Taken from Desabhimani daily,Feb 15, 2017)